# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

(ഹാജർ:- ശ്രീമതി. എസ്. നിഷ)

വിഷയം: കുടുംബശ്രീ – എൻയുഎൽഎം – സ്വയംതൊഴിൽ സംരംഭം– SEP ക്യാമ്പെയിൻ – നഗരസഭാ തലത്തിൽ സംഘടിപ്പിച്ചത് ബഡ്ജറ്റ് അംഗീകരിച്ചും അധിക തുക അനുവദിച്ചും ഉത്തരവാകുന്നത്– സംബന്ധിച്ച്.

പരാമർശം:
1. 5/10/2017–ലെ പാലക്കാട് നഗരസഭാ സെക്രട്ടറിയുടെ NULM/E1/3016/07/2016 നമ്പർ കത്ത്
2. 19/10/2017–ലെ ഈ ഓഫീസിലെ ഇതേ നമ്പർ നടപടിക്രമം
3. 28/11/2017–ലെ സിറ്റി മിഷൻ മാനേജറുടെ ഇ–മെയിൽ സന്ദേശം

***<u>ഉത്തരവ് നമ്പർ 9153/F/2015/KSHO(2) തീയതി 09..1..2018</u>***

പാലക്കാട് നഗരസഭാ പരിധിയിൽ സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തുന്നതിനുള്ള സ്വയംതൊഴിൽ ശിൽപശാല സംഘടിപ്പിക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് തുകയായ 42300/- രൂപയ്ക്കുള്ള ബഡ്ജറ്റ് അംഗീകാരത്തിനായും തുക അനുവദിക്കുന്നതിനായും പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത ബഡ്ജറ്റ് പരിശോധിച്ച് ആയത് 25500/- രൂപയിൽ നിജപ്പെടുത്തുകയും ടി തുക അനുവദിക്കുകയും ചെയ്തിരുന്നു.

എന്നാൽ പരാമർശം (3) പ്രകാരം ആകെ 36283/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും അനുവദിച്ച തുകയെക്കാൾ 10783/- രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ടെന്നും ടി അധികരിച്ച തുക അനുവദിച്ചു നൽകണമെന്നും നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ആകെ ചെലവ് തുകയുടെ ബഡ്ജറ്റ് പരിശോധിച്ചതിൽ ചെലവിനങ്ങൾ അംഗീകരിക്കവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പാലക്കാട് നഗര പരിധിയിലെ സ്വയംതൊഴിൽ സംരംഭകരെ കണ്ടെത്തുന്നതിന് സ്വയംതൊഴിൽ ശിൽപശാല സംഘടിപ്പിച്ച വകയിൽ ആകെ ചെലവായ 362863/- രൂപയുടെ ബഡ്ജറ്റ് അംഗീകരിച്ചും പരാമർശം (2) പ്രകാരം അനുവദിച്ച 25,500/- രൂപയിൽ അധികരിച്ച 10,783/- രൂപ (പതിനായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) പാലക്കാട് നഗരസഭയ്ക്ക് സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു.

പ്രസ്തുത തുക NULMന്റെ IEC • ശീർഷകത്തിൽ Mid Media/Mass Media/Material Production എന്ന ഉപശീർഷകത്തിൽ) വകയിരുത്തേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**ഡയറക്ടർ (എ & എഫ്)**
**കുടുംബശ്രീ**

1. അക്കൗണ്ട്സ് സെക്ഷൻ – തുക അനുവദിക്കുന്നതിന്
2. സെക്രട്ടറി, പാലക്കാട് നഗരസഭ
3. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, പാലക്കാട്

പകർപ്പ്

1. സിറ്റി പ്രോജക്ട് ഓഫീസർ, പാലക്കാട്
2. സിറ്റി മിഷൻ മാനേജർമാർ, പാലക്കാട്
3. കരുതൽ / അധികം